# 19.03.2016. ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം 19.03.2016ന് 2.30 മണിക്ക് നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അധ്യക്ഷതയിൽ ആരംഭിച്ചു.

**യോഗത്തിലെ ഹാജർ:**

| ക്രമ നമ്പര് | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | എടകണ്ടൻ യൂസഫ് | 1 |
| 2 | സുലൈമാൻ പാറമ്മൽ | 2 |
| 3 | കെ.വി. രാജസുലോചന | 6 |
| 4 | ചന്ദ്രിക.കെ | 7 |
| 5 | ടി.വി. മുംതാസ് | 8 |
| 6 | പി. റംല ടീച്ചർ | 9 |
| 7 | അലവി തൈക്കാട്ട് | 10 |
| 8 | ടി.പി. സുബൈർ | 11 |
| 9 | അബ്ദുൾ റഹീം (നാണി) | 12 |
| 10 | ടി.വി. സുലൈഖ | 13 |
| 11 | കെ.കെ. നാസർ | 14 |
| 12 | ജമീല അബു | 15 |
| 13 | റംല കറുത്തേടത്ത് | 16 |
| 14 | മാട്ടൂമ്മൽതൊടി ഫരീദ | 17 |
| 15 | നന്ദകുമാർ പള്ള്യാൽ | 18 |
| 16 | അബ്ദുറഹ്മാൻ.കെ.വി. (കുഞ്ഞാപ്പു) | 19 |
| 17 | വേളക്കാടൻ ലൈല റഷീദ് | 21 |
| 18 | കരുവക്കോട്ടിൽ സുഹറാബി | 22 |
| 19 | ഗിരിജ ടീച്ചർ | 23 |
| 20 | സൈതലവി (കോയാപ്പു) | 24 |
| 21 | ജിനി | 26 |
| 22 | വഹീദ ഖലീൽ | 27 |
| 23 | അബ്ദുള്ളകുട്ടി (അബ്ദു മങ്ങാടൻ) | 28 |
| 24 | അഹമ്മദ് മണ്ടായപ്പുറം) | 29 |
| 25 | കെ. കമലാക്ഷി | 30 |
| 26 | സാജിദ് മങ്ങാട്ടിൽ | 31 |
| 27 | രാമചന്ദ്രൻ മഠത്തിൽ | 32 |

കൂടാതെ സെക്രട്ടറി, വകുപ്പുമേധാവികൾ എന്നിവർ പങ്കെടുത്തു.

**യോഗത്തിലെ തീരുമാനം**

## 1. PW2-15994 /15

KREWS എന്ന സ്ഥാപനത്തിന്റെ 2/2/2016 തിയതിലെ KREWS/41/960 നമ്പർ കത്ത് പ്രകാരം നഗരസഭയിലെ തെരുവു വിളക്കുകൾ AMC അടിസ്ഥാനത്തിൽ പരിപാലനം ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നിരക്കുകൾ, 30 വാട്ട് വരെയുള്ള സി.എഫ്.എൽ തെരുവ് വിളക്കുകൾ ഫിറ്റ് ചെയ്യുന്നതിന് 1 എണ്ണത്തിന് സേവന നികുതി കൂടാതെ 598/ രൂപയും എസ്.വി.എൽ 1 ന് 150 വാട്ടിന് സേവന നികുതി കൂടാതെ

2598/ രൂപയും,അയച്ചുതന്നിട്ടുള്ളതാണ്. ആയതിന് നഗരസഭ സെക്രട്ടറി 9/2/2016 തിയതിയിൽ നെഗോഷിയേറ്റ് ചെയ്യുന്നതിന് കത്ത് അയച്ചിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സി.എഫ് .എൽ തെരുവ് വിളക്കുൾക്ക് അവയുടെ എണ്ണം കണക്കിലെടുത്ത് സേവന നികുതി കൂടാതെ 500/ രൂപയായി കുറവ് വരുത്തി ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ കത്ത് കൗൺസിൽ പരിഗണനക്ക്.

**കുറിപ്പ്** : (1) 27/11/2015 തിയിതിയിലെ 3-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തെരുവ് വിളക്കുകൾ വാർഷിക അറ്റകുറ്റപണികൾ ചെയ്യുന്നതിനായി ടെണ്ടർ വിളിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും എന്നാൽ ഇ.ടെണ്ടർ ക്ഷണിച്ചിട്ടില്ലാത്തതാണ്.

(2) (a) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/02/2015 ലെ സ.ഉ.(സാധാ) നം.493/2015/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം മലപ്പുറം ജില്ലയിലെ തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച മുഴുവൻ പ്രവർത്തികളും ക്രൂസ് മുഖേന തുടരുവാൻ അനുമതി നൽകിയിട്ടുള്ളതാണ്.

(b) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 15/7/2015 ലെ സ.ഉ. (സാധാ) നം. 2134/15/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം മലപ്പുറം ജില്ലയിലെ തെരുവ് വിളക്കുകളുടെ വിതരണം പരിപാലനം സംബന്ധിച്ച മുഴുവൻ പ്രവർത്തികളും ക്രൂസ് മുഖേന തുടരുവാൻ അനുമതി നൽകിയിട്ടുള്ളതാണ്.

(c) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16/10/2015 ലെ സ.ഉ. (സാധാ) നം. 3140/15/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം ക്രൂസ്, യൂണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾ അവരവർക്ക് ചുമതലപ്പെടുത്തിയ ജില്ലകളിലെ തെരുവുവിളക്കുകളുടെ വിതരണം, സ്ഥാപിക്കൽ, പരിപാലനം എന്നീ മൂന്ന് പ്രവർത്തികളും ചെയ്യേണ്ടതാണെന്ന് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(3) വാർഷിക അറ്റകുറ്റപണികൾ (എ.എം.സി) അടിസ്ഥാനത്തിൽ അറ്റകുറ്റപണികൾ നടത്തുന്നതിന് കോട്ടക്കൽ നഗരസഭയിൽ 5734 സി.എഫ്.എൽ തെരുവ് വിളക്കുകളും 136 എസ്.വി.എൽ തെരുവ് വിളക്കുകളുമുണ്ട്.

## തീരുമാനം

ഈ വിഷയം സംബന്ധിച്ച് വിശദമായ ചർച്ച നടന്നു. നഗരസഭ കൗൺസിലിന്റെ 27.11.2015ലെ 3-ാം നമ്പർ തീരുമാന പ്രകാരം സ്ട്രീറ്റ് ലൈറ്റിന്റെ AMC ടെണ്ടർ നടത്തി കരാറുകാരെ ഏൽപ്പിക്കണമെന്നും ആയത് ക്രൂസിന് നൽകരുതെന്നും കൗൺസിലർമാരായ ശ്രീ. ടി.പി. സുബൈർ, ശ്രീ. പി. നന്ദകുമാർ, ശ്രീ. അബ്ദുൾ റഹീം (നാണി), ശ്രീ. കെ.വി. അബ്ദുറഹിമാൻ, ശ്രീമതി. കമലാക്ഷി എന്നിവർ ആവശ്യപ്പെട്ടു. സർക്കാറിന്റെ 19.02.2015, 15.07.2015, 16.10.2015 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ക്രൂസ് എന്ന സ്ഥാപനത്തിന് AMC നൽകണമെന്ന് കൗൺസിലർമാരായ ശ്രീമതി. ടി.വി. മുംതാസ്, ശ്രീ. അഹമ്മദ് മണ്ടായപുറം, ശ്രീ. അബ്ദുള്ളകുട്ടി മങ്ങാടൻ, ശ്രീ. പാറമ്മൽ സുലൈമാൻ, ശ്രീ. സൈതലവി. പി. എന്നിവർ ആവശ്യപ്പെട്ടു.

തുടർന്ന് നഗരസഭ ചെയർമാൻ ഇതുസംബന്ധിച്ച് വിശദീകരണം നൽകി. നഗരസഭ കൗൺസിന്റെ 27.11.2015ലെ 3-ാം നമ്പർ തീരുമാന പ്രകാരവും നഗരസഭ കൗൺസിലിന്റെ 23.01.2016ലെ 7-ാം നമ്പർ തീരുമാന പ്രകാരവും ടെണ്ടർ വിളിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന് സർക്കാറിന്റെ 19.02.2015, 15.07.2015, 16.10.2015 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം സാധുതയില്ലാത്തതിനാൽ ടെണ്ടർ വിളിക്കുന്നതിന് വികേന്ദ്രീകരണ ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരത്തിനായി നഗരസഭ ചെയർമാൻ 5.01.2016ന് ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രി, ബഹു. നഗരകാര്യ വകുപ്പ് മന്ത്രി, നഗരകാര്യ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി എന്നിവർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ 13.01.2016ലെ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 3.3 നമ്പർ തീരുമാന പ്രകാരം, തെരുവു വിളക്ക് പരിപാലനം സംബന്ധിച്ച

നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചിട്ടുള്ളതാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും നിയമാനുസൃതമായ തീരുമാനം എടുത്ത് ആയത് നടപ്പിലാക്കേണ്ട ബാധ്യത കൗൺസിലിന് ഉള്ളതിനാലും ക്രൂസ് സമർപ്പിച്ച നെഗോസിയേഷന് ശേഷമുള്ള ഓഫർ അംഗീകരിക്കണമെന്ന് ചെയർമാൻ കൗൺസിലിനോട് അഭ്യർത്ഥിച്ചു.

27.11.2015ലെ 3-ാം നമ്പർ തീരുമാനം നടപ്പിലാക്കണമെന്നും അല്ലാത്ത തീരുമാനത്തോട് രേഖാമൂലം വിയോജിപ്പ് രേഖപ്പെടുത്തി കൗൺസിലർമാരായ ശ്രീ. ടി.പി. സുബൈർ, ശ്രീ. പി. നന്ദകുമാർ, ശ്രീ. അബ്ദുൾ റഹീം (നാണി), ശ്രീ. കെ.വി. അബ്ദുറഹിമാൻ, ശ്രീമതി. കമലാക്ഷി, ശ്രീമതി. കെ. സുഹറാബി, ശ്രീമതി. കറുത്തേടത്ത് റംല, ശ്രീമതി. കെ.ഗിരിജ, ശ്രീമതി. ജിനി, ശ്രീ. രാമചന്ദ്രൻ എന്നിവർ കൗൺസിലിൽ നിന്ന് ഇറങ്ങി പോയി

തുടർന്ന, ക്രൂസ് സമർപ്പിച്ച നെഗോസിയേഷന് ശേഷമുള്ള 30 വാട്ട് വരെയുള്ള സി.എഫ്.എൽ തെരുവ് വിളക്കുകൾ ഫിറ്റ് ചെയ്യുന്നതിന് 1 എണ്ണത്തിന് 500/-രൂപ+ സേവന നികുതി, എസ്.വി.എൽ 1 ന് 150 വാട്ടിന് 2598/-രൂപ+ സേവന നികുതി എന്നീ ഓഫർ അംഗീകരിച്ചു. തെരുവു വിളക്കുകൾ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും മേൽനോട്ടം വഹിക്കുന്നതിന് മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി. ടി.വി. സുലൈഖാബി എന്നവരെ ചുമതലപ്പെടുത്തി.

(യോഗം 4.00 മണിക്ക് അവസാനിച്ചു. )

(ഒപ്പ്)
**ചെയർമാൻ,**
**കോട്ടക്കൽ നഗരസഭ.**